**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4595** — **13-11-2019**-ലെ മറുപടി

**മംഗലം ഡാം കുടിവെള്ളപദ്ധതി**

ചോദ്യം
ശ്രീ.കെ.ഡി. പ്രസേനൻ

മറുപടി
കെ. കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പമന്ത്രി

| | | | |
|---|---|---|---|
| എ) | മംഗലം ഡാം കുടിവെള്ളപദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | എ) | പാലക്കാട് ജില്ലയിൽ ആലത്തൂർ, തരൂർ നിയോജ മണ്ഡലത്തിൽപ്പെട്ട വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഒന്നാം പാക്കേജിന് 17.95 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ മംഗലം ഡാം നക്ഷത്ര ബംഗ്ലാവിന് സമീപം 24.50 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധഘടകങ്ങളും 24.50 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ, സബ്സ്റ്റേഷൻ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു. ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിന്റെ ഘടകങ്ങളായ ഫിൽട്ടർ ഹൗസ്, ക്ലാരിഫയർ (1),സബ്, കെമിക്കൽ ഹൗസ് എന്നിവയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br>രണ്ടാം പാക്കേജിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ റോ വാട്ടർ പമ്പിങ്ങ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, കൺട്രോൾ റൂം എന്നീ ഘടകങ്ങൾക്ക് സാങ്കേതികാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാർ ആരും പങ്കെടുക്കാത്തതിനാൽ റദ്ദ് ചെയ്തു.<br>മേൽ പദ്ധതിയുടെ രണ്ടാം ഘട്ടമായി ഓരോ പഞ്ചായത്തിലേക്കുമുള്ള ജലസംഭരണികൾ, പമ്പിങ്ങ് മെയിൻ, ഗ്രാവിറ്റി മെയിൻ, പമ്പ് സെറ്റുകൾ എന്നിവ ഉൾപ്പെടുന്നു. ആയതിന് 69.54 കോടി രൂപയ്ക്ക് കിഫ്ബി 2017-18 ൽ |

| | | | |
|---|---|---|---|
| | | | അംഗീകാരം ലഭിക്കുകയും സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |
| ബി) | പദ്ധതിയുടെ ഭാഗമായി ഏതെല്ലാം മേഖലകൾക്ക് അതിന്റെ ഗുണം ലഭ്യമാകുമെന്ന് പറയാമോ; | ബി) | മംഗലം ഡാം കുടിവെള്ളപദ്ധതിയുടെ ഭാഗമായി വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്ക് ഗുണം ലഭ്യമാകുന്നതാണ്. |
| സി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | സി) | ഒന്നാം ഘട്ട പദ്ധതി 2020 ജൂൺ മാസത്തിൽ പൂർത്തീകരിക്കുന്നതും, രണ്ടാം ഘട്ടം ( 69.54 കോടി രൂപയുടെ പ്രവൃത്തി ) ജൂൺ 2021 ൽ പൂർത്തീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ